"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല – കുറുവ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. പി. രാമകൃഷ്ണൻ, ശ്രീ. എം.വി. രാമൻകുട്ടി വാര്യർ, സേവനത്തിൽ തുടരുന്ന കുറുവ ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. രാജീവ് കെ. എന്നിവർക്കെതരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**1943/2025/LSGD** തീയതി,തിരുവനന്തപുരം, **05-08-2025**

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ **01/10/2022** ലെ ഇ**15**-(എസ്.സി.**48/21**/എംപിഎം)**9983/21** നമ്പർ കത്ത്.
2. സർക്കാരിന്റെ **15/11/2023** ലെ ഇപിബി**3/193/2023**/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസുകൾ.
3. സർക്കാരിന്റെ **15/11/2023** ലെ ഇപിബി**3/193/2023**/തസ്വഭവ നമ്പർ കുറ്റപത്രം.
4. ശ്രീ. രാജീവ് കെ. **03/02/2024** ൽ സമർപ്പിച്ച എതിർവാദ പത്രിക.
5. ശ്രീ. പി. രാമകൃഷ്ണൻ **05/02/2024** ൽ സമർപ്പിച്ച എതിർവാദ പത്രിക.
6. ശ്രീ. എം.വി. രാമൻകുട്ടി വാരിയർ **05/02/2024** ൽ സമർപ്പിച്ച എതിർവാദ പത്രിക.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **22/10/2024** ലെ **LSGD/PD/47705/2023-VIGD2** നമ്പർ കത്ത്.
8. സ.ഉ.(സാധാ)നം.**2443/2024/LSGD** തീയതി, **12/12/2024.**
9. തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ **31/01/2025** ലെ **LSGD/JD/MPM/371/2024-A1** നമ്പർ കത്ത് പ്രകാരം ലഭ്യമായ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കുറുവ ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാട്ടുമുറി കുടിവെള്ള വിതരണ പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് കുറുവ ഗ്രാമപഞ്ചായത്തിലെ

പതിനാലാം വാർഡ് നിവാസികൾ സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ പറയുന്ന അപാകതകൾ കണ്ടെത്തിയിരുന്നു.

i. പടിഞ്ഞാറ്റുമുറി കുടിവെള്ള വിതരണ പദ്ധതിയിലെ കിണർ, ടാങ്ക് എന്നിവ നിർമ്മിച്ച സ്വകാര്യ വ്യക്തികളുടെ സ്ഥലം കുറുവ പഞ്ചായത്തിലേയ്ക്ക് കൈമാറി കാണുന്നില്ല.
ii. പടിഞ്ഞാറ്റുമുറി കുടിവെള്ള വിതരണ പദ്ധതിയിലെ പൈപ്പ് ലൈൻ വിതരണത്തിൽ ചേരപുളിക്കൽ സലാം എന്നയാളുടെ വീടിനു സമീപത്തുള്ള ചരിവുള്ള മൺ റോഡിന്റെ വശങ്ങളിൽ പരിശോധിച്ചതിൽ എം ബുക്കിൽ രേഖപ്പെടുത്തിയ ട്രഞ്ചിന്റെ ആഴത്തേക്കാൾ കുറവാണ് കാണുന്നത്.
iii. പടിഞ്ഞാറ്റുമുറി കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർ കുറുവ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചതായോ, കുറുവ പഞ്ചായത്ത് സെക്രട്ടറി ടി പദ്ധതി ബെനിഫിഷറി കമ്മറ്റിക്ക് കൈമാറിയതിന്റെയൊ യാതൊരു രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല.
iv. പടിഞ്ഞാറ്റുമുറി കുടിവെള്ള വിതരണ പദ്ധതിയിലൂടെ കുടിവെള്ളം പൊതു ജനങ്ങൾക്ക് ലഭ്യമാക്കാതെ ഉദ്ദേശ ലക്ഷ്യം പൂർത്തീകരിക്കാത്തതിനാൽ ടി പദ്ധതിക്ക് ചിലവായ 16.1 ലക്ഷം രൂപ ഖജനാവിന് നഷ്ടം സംഭവിച്ചിട്ടുള്ളതാണ്.

2. വിജിലൻസ് ശിപാർശ പ്രകാരം മേൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ കുറുവ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.രാമകൃഷ്ണൻ.പി, ശ്രീ.രാമൻകുട്ടി വാര്യർ, എന്നിവർക്കെതിരെ കെ. എസ്. ആർ. ഭാഗം III ചട്ടം 59(d) പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ ആജീവനാന്തം കുറവ് വരുത്തുവാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കുകയും, കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.രാജീവ് -നെതിരെ കെ.സി.എസ്(സി.സി. & എ) റൂൾ ചട്ടം 15 അനുസരിച്ച് പരാമർശം (3) പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകുകയുമുണ്ടായി.

3. കാരണം കാണിക്കൽ നോട്ടീസിനും കുറ്റപത്രത്തിനും മേൽ ജീവനക്കാർ സമർപ്പിച്ച എതിർവാദ പത്രികയിലെ വാദങ്ങളും ആയതിന് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ടും ചുവടെ ചേർക്കുന്നു.

(i) ശ്രീ. പി. രാമകൃഷ്ണൻ പരാമർശം (5) പ്രകാരം സമർപ്പിച്ച വിശദീകരണത്തിൽ, 1,65,000/- രൂപ എസ്റ്റിമേറ്റിൽ 2011-12 വർഷത്തിലാണ് പടിഞ്ഞാറ്റു മുറി കുടിവെള്ള പദ്ധതി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥൻ ആയി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തതെന്നും, ടി പദ്ധതിക്കാവശ്യമായ 1.50 സെന്റ്

സ്ഥലം അമ്പലവൻ പാത്തുമ്മക്കുട്ടി എന്നയാൾ ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറം മുഖേന **13.02.2012**-ന് ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നുവെന്നും അതിനു ശേഷം ടി **1.50** സെന്റ് സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി ലഭിക്കുന്നതിന് റവന്യു ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകുകയുണ്ടായെന്നും കുറുവ ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം മാറ്റം ലഭിച്ച് വിടുതൽ ചെയ്യപ്പെട്ട **09.07.2013** വരെ ആർ.ഡി.ഒ യിൽ നിന്നും ഇതു സംബന്ധിച്ച് ഉത്തരവ് ലഭിച്ചിരുന്നില്ലെന്നും അതിനാലാണ് ടി സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർക്കാൻ വൈകിയിട്ടുള്ളത് എന്നും, ടി കുടിവെള്ള പദ്ധതി സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ **OP 257/2021 CMP No.25/2022** നമ്പറായി ഉള്ള പരാതിയിലെ വിധി കൂടി പരിഗണിക്കണമെന്നും ടിയാൻ ബോധിപ്പിച്ചിരുന്നു.

*ശ്രീ. രാമകൃഷ്ണൻ സമർപ്പിച്ച വിശദീകരണത്തിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിനുള്ള നടപടികൾ ടിയാന്റെ കാലയളവിൽ സ്വീകരിച്ചിരുന്നു. എന്നാൽ ആർ.ടി.ഒ-യിൽ നിന്നും ഉത്തരവ് ലഭിക്കാത്ത സാഹചര്യത്തിൽ തുടർ നടപടി സ്വീകരിച്ചിരുന്നോ എന്ന് വിശദീകരിക്കാത്തതിനാൽ സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിൽ മനപൂർവ്വമല്ലാത്ത വീഴ്ച ടി കാലയളവിൽ സെക്രട്ടറിയായിരുന്ന ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുണ്ട്. പിന്നീട് ബഹു. ഓംബുഡ്മാന്റെ **26/08/2022** ലെ **C.M.P No.25/2022** നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പടിഞ്ഞാറ്റുംമുറി കുടിവെള്ള പദ്ധതി കിണർ നിൽക്കുന്ന ഭൂമി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുകയും **12/06/2024**-ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ടാങ്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ അളവെടുത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുള്ള പദ്ധതിയുടെ നിർമ്മാണത്തിന്റെ ഒരു ഘട്ടത്തിൽപോലും സെക്രട്ടറിയുടെ സാന്നിധ്യത്തിലോ അറിവോടെയോ അല്ല അളവെടുത്തിട്ടുള്ളത് ആയതിനാൽ ടഞ്ചിന്റെ ആഴത്തിൽ വന്ന ക്രമക്കേട് സെക്രട്ടറിയുടെ അപാകതയായി കാണാവുന്നതല്ല എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.*

**(ii)** കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. എം.വി. രാമൻകുട്ടി വാര്യർ പരാമർശം **(6)** പ്രകാരം സമർപ്പിച്ച വിശദീകരണത്തിൽ, കുടിവെള്ള വിതരണ പദ്ധതിയുടെ പൈപ്പ് ലൈൻ പ്രവൃത്തി എം. ബുക്കിൽ രേഖപ്പെടുത്തിയ അളവ് സംബന്ധിച്ച് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും, പ്രവൃത്തിക്ക് മേൽനോട്ടം വഹിച്ചതും, അളവ് രേഖപ്പെടുത്തിയതും കുറുവ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ./അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ആണെന്നും ഇക്കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ നേരിട്ട് ഇടപ്പെട്ടിട്ടില്ല എന്നും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പൂർത്തീകരണത്തിന്

ശേഷം ബില്ലിൽ പെയ്മെന്റ് നടത്തിയത് എഞ്ചിനീയറിംഗ് വിഭാഗത്തെ വിശ്വാസത്തിൽ എടുത്തുകൊണ്ടാണെന്നും സാങ്കേതികമായ അറിവ് ഇക്കാര്യത്തിൽ ഇല്ലാത്തതാണെന്നും കുറുവ ഗ്രാമപഞ്ചായത്തിൽ നിന്നും ടിയാൻ സ്ഥലം മാറി പോകുന്ന **02.12.2015**-ന് കുടിവെള്ള പദ്ധതിയുടെ മുഴുവൻ പ്രവൃത്തിയും പൂർത്തിയായിട്ടില്ലായിരുന്നു എന്നും ബോധിപ്പിച്ചിരുന്നു.

*പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പ് പ്രകാരം, ശ്രീ. രാമൻകുട്ടി വാര്യർ കുറുവ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തിരുന്ന കാലയളവിൽ പടിഞ്ഞാറ്റുമുറി കുടിവെള്ള വിതരണ പദ്ധതിയിലെ കിണർ, ടാങ്ക് എന്നിവ നിർമ്മിച്ച സ്വകാര്യ വ്യക്തികളുടെ സ്ഥലം കുറുവ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്നും, ലാന്റ് റിലിങ്ക്വിഷ്മെന്റ് പ്രകാരം ലഭ്യമായ ഭൂമി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് **RDO** യുടെ അനുമതിക്ക് സമർപ്പിച്ചിട്ടും ഉത്തരവ് ലഭിക്കാത്തതിനാലാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ സാധിക്കാതിരുന്നത് എന്ന് മുൻ സെക്രട്ടറി ആയിരുന്ന ശ്രീ.പി.രാമകൃഷ്ണൻ അറിയിച്ചിട്ടുള്ളതെന്നും, ആയതിന്റെ തുടർനടപടികൾ സ്വീകരിക്കാതിരുന്നതിൽ സെക്രട്ടറി എന്ന നിലയിൽ ശ്രീ. രാമൻകുട്ടി വാര്യരുടെ ഭാഗത്ത് നിന്നും മനപൂർവ്വമല്ലാത്ത വീഴ്ച് വന്നിട്ടുള്ളതായി കാണുന്നതായും, പഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ എഞ്ചിനീയറിംഗ് വിഭാഗത്തെ ഉത്തമ വിശ്വാസത്തിൽ എടുത്താണ് ബില്ലിൽ പെയ്മെന്റ് നടത്തിയതെന്നും, കുടിവെള്ള വിതരണ പദ്ധതിയിലെ പൈപ്പ് ലൈൻ വിതരണത്തിൽ ചേരപുളിക്കൽ സലാം എന്നയാളുടെ വീടിനു സമീപത്തുള്ള ചെരിവുള്ള മൺ റോഡിന്റെ വശങ്ങളിൽ പരിശോധിച്ചതിൽ എം ബുക്കിൽ രേഖപ്പെടുത്തിയ ട്രഞ്ചിന്റെ ആഴത്തേക്കാൾ കുറവ് കാണുന്നത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള അപാകതയായി കാണാവുന്നതല്ല എന്നും ഡയറക്ടർ അഭിപ്രായം അറിയിച്ചിട്ടുണ്ട്.*

**(iii)** ശ്രീ. രാജീവ് കെ. പരാമർശം **(4)** പ്രകാരം സമർപ്പിച്ച മറുപടിയിൽ, കുറുവ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് സെക്രട്ടറിയായിരുന്ന **03.12.2015** മുതൽ **12.05.2016** വരെ **5** മാസവും **9** ദിവസവുമാണ് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചതെന്നും, ഓഫീസ് സമയങ്ങളിലും അവധി ദിവസങ്ങളിലും ചെയ്ത് തീർത്താൽ തീരാത്ത അത്ര ജോലി തിരക്കുള്ള ഒരു ഗ്രാമപഞ്ചായത്തിലാണ് അസിസ്റ്റന്റ് സെക്രട്ടറിയുടെ ചുമതലകൾക്ക് പുറമെ **5** മാസവും **9** ദിവസവും സെക്രട്ടറിയുടെ അധിക ചുമതല കുടി ലഭിച്ചതെന്നും സെക്രട്ടറിയുടെ അധികചുമതല വഹിച്ച കാലയളവിൽ കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചതിന്റെ യാതൊരു റിപ്പോർട്ടും എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടില്ല എന്നും കൂടാതെ ടിയാൻ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന കാലയളവിൽ **04.03.2016** മുതൽ **12.05.2016** വരെ **2016**-ലെ നിയമസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ഷൻ പെരുമാറ്റ ചട്ടം നിലനിൽക്കുന്ന സമയമായിരുന്നു എന്നും ടിയാൾക്ക് സെക്രട്ടറിയുടെ അധികചുമതല ലഭിക്കുന്നതിന് **2** മാസം മുമ്പ്

**29.09.2015** ന് കുടിവെള്ള വിതരണ പദ്ധതി ഉദ്ഘാടനം ചെയ്ത് ഗുണഭോക്താക്കൾക്ക് തുറന്ന് കൊടുത്തതാണെന്നും, ആയതിനാൽ ടി പദ്ധതി ബെനിഫിഷറി കമ്മിറ്റിക്ക് കൈമാറാത്ത വിവരം അറിവുണ്ടായിരുന്നില്ല എന്നും ബോധിപ്പിച്ചിരുന്നു.

*ശ്രീ. രാജീവ് കെ. യുടെ മറുപടിയിന്മേലുള്ള അഭിപ്രായ റിപ്പോർട്ടിൽ, കുറുവ ഗ്രാമ പഞ്ചായത്തിലെ 14-ാം വാർഡിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടിയാണ് **2011-12** വാർഷിക പദ്ധതി മുതൽ **2015-16** വാർഷിക പദ്ധതി വരെ 4 ഘട്ടങ്ങളിലായി പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത് എന്നും അസിസ്റ്റന്റ് എഞ്ചിനീയറായിരുന്നു പ്രസ്തുത പദ്ധതികളുടെ നിർവഹണ ഉദ്യോഗസ്ഥൻ എന്നും, ശ്രീ. രാജീവ് കെ. സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്ന **03.12.2015** മുതൽ **12.05.2016** വരെയുള്ള കാലയളവിൽ മേൽ കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചതിന്റെ യാതൊരു റിപ്പോർട്ടും എൽ.എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചിട്ടില്ലെന്നും, കൂടാതെ കുടിവെള്ള വിതരണ പദ്ധതി പ്രവർത്തിക്കാത്തതുമായി ബന്ധപ്പെട്ട് യാതൊരു പരാതിയും മേൽ കാലയളവിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.*

4. കുറ്റപത്രത്തിനും കാരണം കാണിക്കൽ നോട്ടീസിനും മേൽ ഉദ്യോഗസ്ഥർ നൽകിയ വിശദീകരണങ്ങൾ അനുഭാവപൂർവം പരിഗണിക്കാവുന്നതും ടിയാളുകളെ നേരിൽ കൂടി കേട്ട് തുടർനടപടി സ്വീകരിക്കാവുന്നതുമാണെന്നും പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

5. മേൽ വിഷയത്തിൽ കെ,കെ.സി.എസ്(സി.സി.എ) റൂൾ ചട്ടം 15, കെ. എസ്. ആർ. ഭാഗം III ചട്ടം 59(d) എന്നിവ പ്രകാരമുള്ള നടപടിയായതിനാൽ വിഷയത്തിൽ ഒരു ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറെ പരാമർശം (8) പ്രകാരം ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (9) പ്രകാരം ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

*ശ്രീ. എം.വി. രാമൻകുട്ടി വാര്യർ **27.12.2013** മുതൽ **02.12.2015** വരെ കുറുവ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തിരുന്ന കാലയളവിൽ പടിഞ്ഞാറ്റുമുറി കുടിവെള്ള വിതരണ പദ്ധതിയിലെ കിണർ, ടാങ്ക് എന്നിവ നിർമ്മിച്ച സ്വകാര്യ വ്യക്തികളുടെ സ്ഥലം കുറുവ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എങ്കിലും ലാന്റ് റിലിങ്ക്വിഷ്മെന്റ് പ്രകാരം ലഭ്യമായ ഭൂമി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിന് **RDO**യുടെ അനുമതിക്ക് സമർപ്പിച്ചിട്ടും ഉത്തരവ് ലഭിക്കാത്തതിനാലാണ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ*

*സാധിക്കാതിരുന്നത് എന്ന് മുൻ സെക്രട്ടറി ആയിരുന്ന ശ്രീ. പി രാമകൃഷ്ണൻ അറിയിച്ചിട്ടുള്ളത് ശരിയാണ്. ഈ വിഷയത്തിൽ ബഹു. ഓംബുഡ്സ്മാന്റെ **26/08/2022** ലെ **C.M.P No.25/2022** നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി കിണർ നിൽക്കുന്ന ഭൂമി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും കുടിവെള്ള പദ്ധതിയുടെ ടാങ്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി നിലവിലെ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. പ്രൊജക്ട് നിർവ്വഹണം നടത്തിയത് അസിസ്റ്റന്റ് എഞ്ചിനീയറായതിനാൽ പദ്ധതിയിലെ പൈപ്പ് ലൈൻ വിതരണത്തിൽ ചേരപുളിക്കൽ സലാം എന്നയാളുടെ വീടിനു സമീപത്തുള്ള ചെരിവുള്ള മൺ റോഡിന്റെ വശങ്ങളിൽ പരിശോധിച്ചതിൽ എം ബുക്കിൽ രേഖപ്പെടുത്തിയ ട്രഞ്ചിന്റെ ആഴത്തേക്കാൾ കുറവാണ് കാണുന്നത്. നിലവിൽ ടി പദ്ധതി പ്രകാരം **11** കുടംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുകയും, **10** കുടുംബങ്ങൾക്ക് കൂടി കുടിവെള്ളം വിതരണം ചെയ്യുന്നതിനായി നിലവിലുള്ള കുടിവെള്ള സ്രോതസ്സായ തുറന്ന കിണർ യീൽഡ് ടെസ്റ്റ് ചെയ്ത് ലഭിക്കുന്ന മുറക്ക് ബാക്കിയുള്ള കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യാവുന്നതാണെന്നും നിലവിലെ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീ. എം.വി. രാമൻകുട്ടി വാര്യർക്കെതിരെ ആരോപിച്ച ക്രമക്കേടുകൾക്ക് ടിയാൻ ഉത്തരവാദിയല്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.*

*ശ്രീ.പി.രാമകൃഷ്ണൻ, **23/12/2011** മുതൽ **09/07/2013** വരെയുള്ള കാലയളവിൽ കുറുവ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നു. പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതിക്ക് വിട്ടുകിട്ടപ്പെട്ട സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി ലഭിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകിയെങ്കിലും സ്ഥലംമാറ്റം ലഭിച്ച് വിടുതൽ ചെയ്യുന്നത് വരെ ആർ.ഡി.ഒ യിൽ നിന്നും ഉത്തരവ് ലഭിക്കാത്തതിനാലാണ് ടി സ്ഥലം ആസ്തി രജിസ്റ്ററിൽ ചേർക്കാൻ വൈകിയിട്ടുള്ളത് എന്നതിനാലും പ്രൊജക്ട് നിർവ്വഹണം നടത്തിയത് അസിസ്റ്റന്റ് എഞ്ചിനീയറായതിനാൽ പദ്ധതിയിലെ പൈപ്പ് ലൈൻ വിതരണത്തിൽ ചേരപുളിക്കൽ സലാം എന്നയാളുടെ വീടിനു സമീപത്തുള്ള ചെരിവുള്ള മൺ റോഡിന്റെ വശങ്ങളിൽ എം ബുക്കിൽ രേഖപ്പെടുത്തിയ ട്രഞ്ചിന്റെ ആഴത്തേക്കാൾ കുറവായത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള അപാകതയായി കാണാവുന്നതല്ല. ആയതിനാൽ ക്രമക്കേടുകൾക്ക് ടിയാൻ ഉത്തരവാദി അല്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.*

*ശ്രീ. രാജീവ് കെ. കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധികചുമതല വഹിച്ചത് **03.12.2015** മുതൽ **12.05.2016** വരെ **5** മാസവും **9** ദിവസവുമാണ്. ടിയാന് സെക്രട്ടറിയുടെ അധികചുമതല ലഭിക്കുന്നതിന് **2** മാസം മുമ്പാണ് പ്രവർത്തി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്ത് ഗുണഭോക്താക്കൾക്ക് തുറന്ന് കൊടുത്തിട്ടുള്ളത്. എന്നാൽ കുടിവെള്ള വിതരണ പദ്ധതി ബെനിഫിഷറി കമ്മിറ്റിക്ക് കൈമാറാത്ത വിവരം അറിവുണ്ടായിരുന്നില്ല എന്നതും, ടിയാൻ ചാർജ്*

*വഹിച്ച കാലഘട്ടത്തിൽ മേൽ കുടിവെള്ള വിതരണ പദ്ധതിയുടെ വൈദ്യുത ചാർജ് ഗുണഭോക്താക്കൾ തന്നെയാണ് അടവാക്കിയിരുന്നത് എന്നതും, കൂടാതെ കുടിവെള്ള വിതരണ പദ്ധതി പ്രവർത്തിക്കാത്തതുമായി ബന്ധപ്പെട്ട് യാതൊരു പരാതിയും മേൽ കാലയളവിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്നതും എം ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച 22/03/2016 ഇലക്ഷൻ പെരുമാറ്റച്ചട്ടം നില നിന്ന സമയമായിരുന്നതിനാലും ശ്രീ. രാജീവ് കെ -ക്കെതിരെ ആരോപിച്ച ക്രമക്കേടുകൾക്ക് ടിയാൻ ഉത്തരവാദി അല്ല എന്നും റിപ്പോർട്ട് ചെയ്യുന്നു.*

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പടിഞ്ഞാറ്റുമുറി കുടിവെള്ള വിതരണ പദ്ധതിയിലെ കിണർ, ടാങ്ക് എന്നിവ ബഹു. ഓംബുഡ്സ്മാന്റെ 26/08/2022 ലെ C.M.P No.25/2022 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി കിണർ നിൽക്കുന്ന ഭൂമി ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുടിവെള്ള പദ്ധതിയുടെ ടാങ്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ട് നിർവ്വഹണം നടത്തിയ പദ്ധതിയിലെ പൈപ്പ് ലൈൻ വിതരണത്തിൽ ചേരപുളിക്കൽ സലാം എന്നയാളുടെ വീടിനു സമീപത്തുള്ള ചെരിവുള്ള മൺ റോഡിന്റെ വശങ്ങളിൽ എം ബുക്കിൽ രേഖപ്പെടുത്തിയ ട്രഞ്ചിന്റെ ആഴത്തേക്കാൾ കുറവുണ്ടായ ക്രമക്കേട് സെക്രട്ടറിയുടെ അപാകതയായി കാണാവുന്നതല്ല. നിലവിൽ ഈ പദ്ധതി പ്രകാരം 11 കുടുംബങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുകയും, 10 കുടുംബങ്ങൾക്ക് കൂടി കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ മേൽ വിവരിച്ച അപാകതകൾ നിലനിൽക്കുന്നതായി കാണുന്നില്ല.

7. ഔപചാരിക റിപ്പോർട്ടിൽ പദ്ധതി കുറ്റാരോപിതരായ സെക്രട്ടറിമാരുടെ കാലഘട്ടത്തിൽ മാത്രമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതല്ല എന്നുള്ളതും സാങ്കേതിക ജ്ഞാനം ഇല്ല എന്നുള്ള വസ്തുതയും പരിഗണനയിൽ എടുത്തിട്ടുണ്ട്. പദ്ധതി ജന ഉപകാരപ്രദമായി മാറ്റിയിട്ടുണ്ട് എന്നും മറ്റു വൻകിട പദ്ധതികൾ വന്നതിനാൽ ഗുണഭോക്തക്കൾ കുറവാണെന്നും പദ്ധതി സത്വരം ഉത്ഘാടനം ചെയ്തിട്ടുള്ളതുമാണെന്നും ഉദ്യോഗസ്ഥർ ക്രമക്കേടുകൾക്കു ഉത്തരവാദിയല്ല എന്നുമാണ് കണ്ടെത്തിയത് . മേൽ സാഹചര്യത്തിൽ, ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പരാമർശ ക്രമക്കേടുകൾക്ക് ആരോപണ വിധേയരായ സേവനത്തിൽ നിന്നും വിരമിച്ച കുറുവ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. പി. രാമകൃഷ്ണൻ, ശ്രീ. എം.വി. രാമൻകുട്ടി വാര്യർ എന്നിവർക്കെതിരെ കെ. എസ്. ആർ. ഭാഗം III ചട്ടം 59(d) പ്രകാരവും, സേവനത്തിൽ തുടരുന്ന കുറുവ ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. രാജീവ് കെ. യ്ക്കെതിരെ കെ.സി.എസ്(സി.സി.എ) റൂൾ ചട്ടം 15 പ്രകാരവും ആരംഭിച്ച അച്ചടക്ക നടപടിയിൽ മേൽ ജീവനക്കാർ ക്രമക്കേടുകൾക്ക് ഉത്തരവാദികളല്ലെന്ന് നിരീക്ഷിച്ച് ടിയാളുകൾക്കെതിരെയുള്ള അച്ചടക്ക നടപടി

ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, മലപ്പുറം.
5. വിജിലൻസ് (ഡി) വകുപ്പ് (24/05/2025 തീയതിയിലെ VIG-D1/474/2022-VIG നമ്പർ കുറിപ്പ് പ്രകാരം).
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/193/2023/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 06-08-2025 10:04:42
സെക്ഷൻ ഓഫീസർ